പതിനാലാം കേരള നിയമസഭ
പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2124

11.03.2020- ൽ മറുപടിക്ക്.

ഷൊർണ്ണൂർ മണ്ഡലത്തിലെ വ്യവസായ വികസനം

ചോദ്യം
ശ്രീ. പി. കെ. ശശി

മറുപടി
ഇ. പി. ജയരാജൻ
(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി).

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പ് മുഖാന്തരം ഷൊർണ്ണൂർ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ചുവടെ പറയുന്നു :

സംരംഭക സഹായ പദ്ധതി പ്രകാരം 20 വ്യവസായ യൂണിറ്റുകൾക്ക് 76,28,475/- രൂപയും നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള ബാങ്ക് പലിശ ഇനത്തിൽ 1 യൂണിറ്റിന് 7,266/- രൂപയും അനുവദിച്ചു. താലൂക്ക് തല സംരംഭകത്വ ബോധവത്കരണ പരിപാടിയിൽ ഉൾപ്പെടുത്തി 12 സംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകർക്ക് ആവശ്യമായ നിർദ്ദേശങ്ങൾ വ്യവസായ വകുപ്പിന്റെ സേവനങ്ങൾ എന്നിവ സംബന്ധിച്ച ബോധവത്കരണ ക്ലാസ്സുകൾക്കായി 90,291/- രൂപയും ചെലവാക്കിയിട്ടുണ്ട്. കൈത്തറി വ്യവസായ പദ്ധതികൾക്കായി 5,14,477/- രൂപയും പ്രധാനമന്ത്രിയുടെ സംരംഭകത്വ തൊഴിൽദാന-മാർജിൻ മണിഗ്രാന്റ് ഇനത്തിൽ 26 സംരംഭകർക്ക് 61,15,674/- രൂപയും നൽകിയിട്ടുണ്ട്. 4 സംരംഭകത്വ വികസന ക്ലബ്ബുകളും രൂപീകരിച്ചിട്ടുണ്ട്.

ഷൊർണ്ണൂർ വ്യവസായ വികസന പ്ലോട്ടിൽ 1.32 ഏക്കർ സ്ഥലത്ത് ബഹുനില വ്യവസായ സമുച്ചയത്തിന്റെ നിർമ്മാണത്തിനായി 21,48,55,961/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി നിർമ്മാണ ഏജൻസിയായ എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡിന് മൂന്ന് കോടി രൂപയും കൈമാറിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

ജെ/06/03/20